# Malayala Manorama
# 28 August 2018
# Thiruvananthapuram, After Flood, Flood Victims, Free Medicine

## പ്രളയബാധിതർക്ക് ഒരു മാസം മരുന്ന് സൗജന്യം: മന്ത്രി ശൈലജ

തിരുവനന്തപുരം • പ്രളയബാധിതർക്ക് ഒരു മാസത്തെ മരുന്നുകൾ സൗജന്യമായി നൽകുമെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ പറഞ്ഞു. ക്യാംപുകളിലുള്ളവർക്കും വീടുകളിലേക്കു മടങ്ങിയവർക്കുമാണു മരുന്നുകൾ നൽകുന്നത്. ക്യാംപുകളിൽ കൂടുതൽ ഡോക്ടർമാരെയും നഴ്സുമാരെയും എത്തിക്കാനുള്ള ശ്രമത്തിലാണ്. ഡോക്ടർമാരുടെ സംഘടനകളും സ്വകാര്യ ആശുപത്രിയിൽനിന്നുൾപ്പെടെയുള്ള ഡോക്ടർമാരും സേവനത്തിനുണ്ട്. മഹാരാഷ്ട്ര, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽനിന്നും മെഡിക്കൽ ടീം എത്തിയിട്ടുണ്ട്.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 30 ദിവസത്തേക്കുള്ള പദ്ധതികളാണ് ആരോഗ്യ വകുപ്പ് തയാറാക്കിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു മാലിന്യങ്ങൾ ദ്രുതഗതിയിൽ നീക്കുന്നതായും മന്ത്രി അറിയിച്ചു.